**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 545** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>വളാഞ്ചേരിയിൽ യു. പി. എച്ച്. സി. കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ പുതിയതായി നിർമ്മിക്കുന്ന യു. പി. എച്ച്. സി. കെട്ടിടത്തിന്റെ ഒന്നാം ഘട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u> കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ പുതിയതായി നിർമ്മിക്കുന്ന യു. പി. എച്ച്. സി. കെട്ടിടത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ, മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫീസർ മുഖേന വളാഞ്ചേരി മുനിസിപ്പാലിറ്റി സെക്രട്ടറി എൻ.എച്ച്.എം സംസ്ഥാന മിഷൻ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻമേലുള്ള നടപടികൾ എൻ.എച്ച്.എം സംസ്ഥാന മിഷനിൽ സ്വീകരിച്ചു വരുന്നു.**

**(ബി)** യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക മലപ്പുറം ജില്ലാ നാഷണൽ ഹെൽത്ത് മിഷന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u> തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 26-09-2025 ലെ സ.ഉ.(സാധാ)നം.2348/2025/LSGD ഉത്തരവ് പ്രകാരം, തദ്ദേശ ഭരണ സ്ഥാപനം ബില്ലുകൾ തയ്യാറാക്കി എൻ.എച്ച്.എം സംസ്ഥാന മിഷൻ ഡയറക്ടർക്ക് നൽകുന്ന മുറയ്ക്ക് എൻ.എച്ച്.എം സംസ്ഥാന മിഷനിൽ നിന്നും കരാറുകാരനോ ഏജൻസിക്കോ തുക നൽകാനുള്ള രീതി അവലംബിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിൻ പ്രകാരം കരാറുകാരന് തുക നൽകാനുള്ള നടപടികൾ എൻ.എച്ച്.എം സംസ്ഥാന മിഷനിൽ പൂർത്തിയായി വരുന്നു.**

**സെക്ഷൻ ഓഫീസർ**